## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

.........................................

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2392

07.02.2019 - ൽ മറുപടിക്ക്.

### വ്യവസായ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

......................

ചോദ്യം
ശ്രീ. കെ. എസ്. ശബരീനാഥൻ

മറുപടി
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(എ) : ഉണ്ട്.

വ്യവസായ വികസന എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് "നിലവിലുള്ള ഡവലപ്പ്മെന്റ് ഏരിയ/ഡവലപ്പ്മെന്റ് പ്ലോട്ടുകളുടെ അടിസ്ഥാനസൗകര്യ വികസനവും നവീകരണവും" പദ്ധതി നിലവിലുണ്ട്.

2016-17 വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 25 കോടി രൂപ അനുവദിച്ചിരുന്നു. തൃശ്ശൂർ ജില്ലയിലെ വരവൂർ, കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ എന്നിവിടങ്ങളിൽ വ്യവസായ വികസന പ്ലോട്ടുകളുടെ വികസനത്തിനായി യഥാക്രമം 3.32 കോടി രൂപയും 4.05 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ 11 വികസന ഏരിയ/വികസന പ്ലോട്ടുകളിലെ ആന്തരിക റോഡുകളുടെ പുനർ നിർമാണത്തിനായി 17.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18-ൽ 25 കോടി രൂപ വകയിരുത്തി കഞ്ചിക്കോട്, വേളി, അങ്കമാലി, മുണ്ടയ്ക്കൽ, ആലുവ, വാഴക്കുളം, അനന്തപുരം, ഇടയാർ, ഷൊർണ്ണൂർ എന്നീ വ്യവസായ പ്ലോട്ടുകളുടെ/ഏരിയകളുടെ നവീകരണ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു.

പശ്ചാത്തല വികസന പദ്ധതികളിലൂന്നി നിലവിലുള്ള വ്യവസായ വികസന ഏരിയ, വ്യവസായ വികസന പ്ലോട്ടുകൾ, വ്യവസായ വികസന എസ്റ്റേറ്റ് എന്നിവയുടെ നവീകരണം ലക്ഷ്യമിടുകയും ഇതിനായി 28 കോടി രൂപ തനത് വർഷം

വകയിരുത്തിയതിൽ 23.91 കോടി രൂപയ്ക്ക് വിവിധ പദ്ധതികൾക്കായി ഭരണാനുമതി നൽകി. പ്രസ്തുത പ്രവർത്തനങ്ങൾക്കായി നാളിതുവരെ 13.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് . വ്യവസായ പ്ലോട്ടുകളിൽ സർവ്വേ നടത്തി അവയുടെ അതിർത്തി പുനർ നിർണയിക്കാനുള്ള നടപടികളും സ്വീകരി ച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതിയായ MSE-CDP മുഖേന വികസന ഏരിയകളായ പൂവൻ തുരുത്ത്, എടയാർ എന്നിവിടങ്ങളിൽ യഥാക്രമം 1000 ലക്ഷവും 967.69 ലക്ഷവും രൂപയുള്ള പദ്ധതിയ്ക്ക് അനുമതി ലഭിച്ചു കഴിഞ്ഞു. 60:40 എന്ന അനുപാതത്തിൽ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് സംസ്ഥാന വിഹിതമായി യഥാക്രമം 400 ലക്ഷം രൂപയും 387.076 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ മിനി വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തനത് സാമ്പത്തിക വർഷം 7 കോടി രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞു.

(ബി) സിഡ്കോയുടെ നിയന്ത്രണത്തിലുള്ള എസ്റ്റേറ്റുകളിൽ ഒഴിഞ്ഞുകിടക്കുന്ന ഭൂമി കണ്ടെത്തി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് ചെറുകിട വ്യവസായികൾക്ക് നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണ് പ്രാവർത്തികമാക്കിയതെന്ന് അറിയിക്കുമോ ?

(ബി) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര, അമരവിളയിൽ സിഡ്കോയുടെ അധീനതയിലുള്ള 1 ഏക്കർ സ്ഥലത്ത് ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.